# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2665 09.03.2017 -ലെ മറുപടിക്ക്

## കുട്ടനാട്ടിലെ പോള നീക്കം ചെയ്യുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തോമസ് ചാണ്ടി | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കുട്ടനാടിലെ തോടുകളിലെല്ലാം പോള നിറഞ്ഞു കിടക്കുന്നതുമൂലം ജലഗതാഗതത്തിനും പാടശേഖരങ്ങളിൽ നിന്നും കറ്റകളും നെല്ലും നീക്കം ചെയ്യുന്നതിനും മറ്റുപയോഗങ്ങൾക്കും ബുദ്ധിമുട്ടുകൾ നേരിടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്; |
| (ബി) കുട്ടനാടിൽ വ്യാപകമാകുന്ന പോള നീക്കം ചെയ്യുന്നതിനും ഇവ ഇനിയും വ്യാപകമാകുന്നത് തടയുന്നതിനും നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (ബി) ജലഗതാഗതത്തിന് തടസ്സം വരുന്ന ഭാഗങ്ങളിൽ മറ്റു പ്രവർത്തികളോടൊപ്പം താൽക്കാലികമായി പോള നീക്കം ചെയ്യാറുണ്ട്. കുട്ടനാട്ടിൽ വ്യാപകമാകുന്ന പോള നീക്കം ചെയ്യുന്നതിനും. ഇവ ഇനിയും വ്യാപകമാകുന്നത് തടയുന്നതിനുമായി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഏറ്റവും അത്യാവശ്യമുള്ള സ്ഥലങ്ങളിൽ പോള വാരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ ജലസേചന വകുപ്പിലെ മെക്കാനിക്കൽ വിഭാഗത്തിൽ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വാട്ടർ ഹയാസിന്ത് ഹാർവെസ്റ്റർ എന്ന യന്ത്രം ഇതിനായി ഉപയോഗപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ